ക്രമ നമ്പർ	സി.എച്ച്.സി.യുടെ പേര്	അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ	
		സിവിൽ സർജൻ	അസിസ്റ്റന്റ് സർജൻ
1.	ആലപ്പാട്	2	3
2.	മറ്റത്തൂർ	2	5
3.	ചേർപ്പ്	1	2
4.	പഴഞ്ഞി	1	6
5.	പെരിഞ്ഞനം	1	3
6.	തിരുവില്വാമല	1	3
7.	ചേലക്കര	1	5
8.	പുത്തൻചിറ	1	3
9.	വാടാനപ്പള്ളി	2	3

(ജി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(എച്ച്) ഇത് സംബന്ധിച്ച് നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഐ) കേടായി കിടക്കുന്ന എക്സ്റേ മിഷ്യന്റെ തകരാറ് പരിഹരിച്ച് എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കാനും ഡ്രൈവറുടെ തസ്തിക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആംബുലൻസിന് എച്ച്.ഡി.സി. വഴി ഡ്രൈവറെ നിയമിച്ച് സർവ്വീസ് നടത്തുന്നതിനുമുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കുന്നുണ്ട്.

ഗർഭച്ഛിദ്രത്തിന്റെ കണക്ക്

140. [907] പ്രൊഫ. കെ.വി. തോമസ് :
ശ്രീ. ജോർജ് ജെ. മാത്യു :
,, എം. മുരളി :
,, പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗർഭച്ഛിദ്രം നടത്തുന്നതിനുള്ള അനുവാദം എത്ര ആശുപത്രികൾക്ക് നൽകിയിട്ടുണ്ട് ;

(ബി) ഇവ നടത്തുന്ന ഗർഭച്ഛിദ്രങ്ങളുടെ കണക്ക് ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ ;

(സി) എങ്കിൽ 2004-ൽ സംസ്ഥാനത്ത് എത്ര ഗർഭച്ഛിദ്രങ്ങൾ നടത്തിയിട്ടുണ്ട് ;

(ഡി) 17 വയസ്സിൽ താഴെയുള്ള എത്രപേർ പ്രസ്തുത വർഷം ഗർഭച്ഛിദ്രത്തിന് വിധേയരായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 651 ആശുപത്രികൾക്ക്.

(ബി & സി) ഗർഭച്ഛിദ്രങ്ങൾ സംബന്ധിച്ച കണക്ക് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. 2004-05 വർഷത്തിൽ ആകെ 27,918 ഗർഭച്ഛിദ്രങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) 15 വയസ്സിന് താഴെ 13-ഉം 15 മുതൽ 19 വയസ്സുവരെ 703-ഉം ഗർഭച്ഛിദ്രങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 17 വയസ്സിന് താഴെയുള്ളവരുടെ മാത്രമായി കണക്കുകൾ ലഭ്യമല്ല.

ഭ്രൂണഹത്യകൾ

141. [908] ശ്രീ. റോഷി അഗസ്റ്റിൻ :

„ കെ. നാരായണക്കുറുപ്പ് :

„ തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭ്രൂണഹത്യ വർദ്ധിച്ചുവരുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) നിയമാനുസൃതം 2004-ൽ എത്ര ഭ്രൂണഹത്യകളാണ് നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് ഇതുവരെ എത്ര സ്ഥാപനങ്ങൾക്കാണ് ഗർഭച്ഛിദ്രം നടത്താൻ അനുമതി നൽകിയിട്ടുള്ളത് ;

(ഇ) ഇതിൽ എത്ര സ്ഥാപനങ്ങളാണ് ഇതു സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നറിയിക്കാമോ ;

(എഫ്) ഏറ്റവും കൂടുതൽ ഭ്രൂണഹത്യ നടന്നിട്ടുള്ള ജില്ല ഏതാണെന്ന് വ്യക്തമാക്കാമോ ;

(ജി) ഇത് സംബന്ധിച്ചു കഴിഞ്ഞ 5 വർഷത്തെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) ആരോഗ്യവകുപ്പിൽ ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം ഭ്രൂണഹത്യകൾ കുറഞ്ഞു വരുന്നതായാണ് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly